# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കണ്ണൂർ ജില്ല - പാട്യം ഗ്രാമപഞ്ചായത്ത് - 2007-08, സാമ്പത്തിക വർഷത്തെ ലോക്കൽഫണ്ട് ഓഡിറ്റ് - തടസ്സപ്പെടുത്തിയ തുക - സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയംഭരണ (എബി) വകുപ്പ്

**സ.ഉ.(സാധാ)നം. 907/2020/തസ്വഭവ.** **തിരുവനന്തപുരം, തീയതി.18.05.2020**

പരാമർശം:-1) പഞ്ചായത്ത് ഡയറക്ടറുടെ 14/03/2019 ലെ പി എ എൻ/2728/19/എം3(ഡിപി) നമ്പർ കത്ത്.

2) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 12/07/2019 ലെ ഡി.കെ.എസ്.എ./ 1362/2019-പി.റ്റി.3 നമ്പർ കത്ത്.

3) ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 09/05/2018 ലെ എച്ച് സി 2104/18/1 നമ്പർ കത്ത്.

## ഉത്തരവ്

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 173(1) 5-ാം പട്ടിക പ്രകാരം ത്രിതല പഞ്ചായത്തിന്റെ കർത്തവ്യ നിർവ്വഹണത്തിൽ ഹൈസ്കൂളിന്റെ ചുമതല നൽകിയിരിക്കുന്നത് ജില്ലാ പഞ്ചായത്തിനാണ്.

**2.** പാട്യം ഗ്രാമപഞ്ചായത്തിന്റെ സമഗ്രവിദ്യാഭ്യാസം - എസ്.എസ്.എൽ.സി. വിദ്യാർത്ഥികളുടെ പഠന പിന്നോക്കാവസ്ഥ മാറ്റുന്നതിന് വേണ്ടി കോച്ചിംഗ് ക്ലാസ് നടത്തിയ വകയിൽ പഞ്ചായത്തിലെ 2 ഹൈസ്കൂളുകൾക്കായി ഗ്രാമപഞ്ചായത്ത് തനത് വരുമാനത്തിൽ നിന്ന് തുക അധികമായി ചെലവാക്കിയതിനാണ് കണ്ണൂർ ജില്ലയിലെ പാട്യം ഗ്രാമപഞ്ചായത്തിലെ, സംസ്ഥാന ഓഡിറ്റ് റിപ്പോർട്ട് 2007-08 ഖണ്ഡിക 3.13 പ്രകാരം 36,200/- രൂപ (മുപ്പത്തി ആറായിരം രൂപ മാത്രം) തടസ്സപ്പെടുത്തിയത്.

**3.** ഗ്രാമപഞ്ചായത്തിലെ 2 ഹൈസ്കൂളുകളിലെ പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തി എസ്.എസ്.എൽ.സി. വിജയശതമാനം മെച്ചപ്പെടുത്തുക എന്ന സദുദ്ദേശത്തോടെ നടപ്പാക്കിയ ഈ പദ്ധതിയുടെ ഉദ്ദേശലക്ഷ്യം പൂർണ്ണമായും കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും പ്രസ്തുത കാലയളവിൽ ജില്ലാ പഞ്ചായത്തിന്റെ പ്രോജക്ട് ഉണ്ടായിരുന്നില്ല എന്നതിനാലാണ് ഗ്രാമപഞ്ചായത്ത് തനത് വരുമാനത്തിൽ നിന്ന് പ്രസ്തുത പ്രോജക്റ്റിന് തുക ചെലവഴിച്ചതെന്നും ആയതിനാൽ ഓഡിറ്റ് തടസ്സം ഒഴിവാക്കി നൽകണമെന്നും സൂചന (3) പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി സാധൂകരണ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

**4.** ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 4/05/2018 ലെ 112(2)/18 നമ്പർ തീരുമാനവും ജില്ലാതല മോണിറ്ററിംഗ് സമിതിയുടെ 40-ാമത് യോഗത്തിന്റെ 14-ാം നമ്പർ തീരുമാനവും സാധൂകരണത്തിന് ശിപാർശ ചെയ്തിട്ടുണ്ട്.

**5.** സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയും, പഞ്ചായത്ത് ഭരണസമിതി, ജില്ലാ മോണിറ്ററിംഗ് സമിതി എന്നിവയുടെ യോഗ തീരുമാനങ്ങൾ പരിഗണിച്ചും, ഓഡിറ്റ് ഡയറക്ടർ, പഞ്ചായത്ത് ഡയറക്ടർ എന്നിവരുടെ അനുകൂല ശിപാർശ കണക്കിലെടുത്തും പഞ്ചായത്തിലെ വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തുന്നതിനായി നടത്തിയ പ്രോജക്ടിന്റെ സദുദ്ദേശം പരിഗണിച്ചും ഭാവിയിൽ ഇത്തരം പിഴവുകൾ ആവർത്തിക്കരുതെന്ന കർശന നിർദ്ദേശത്തോടെയും കണ്ണൂർ ജില്ലയിലെ പാട്യം ഗ്രാമപഞ്ചായത്തിലെ ഓഡിറ്റ് റിപ്പോർട്ട് 2007-08 ഖണ്ഡിക 3.13 പ്രകാരം തടസ്സപ്പെടുത്തിയ 36,200/- രൂപയ്ക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,**

**ജെയ്സിപോൾ**
**അണ്ടർ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ
സെക്രട്ടറി, പാട്യം ഗ്രാമപഞ്ചായത്ത്, കണ്ണൂർ
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)
വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്കവകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം,**

**സെക്ഷൻ ഓഫീസർ**